# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2771 – 17/10/2016 ലെ മറുപടിയ്ക്ക്

## റബ്ബർ വില സ്ഥിരതാ പദ്ധതി

ചോദ്യം
ശ്രീ. പി.സി. ജോർജ്

ഉത്തരം
ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | മുഖ്യമന്ത്രി നിയമസഭയിൽ പ്രസ്താവിച്ച പ്രകാരം, റബ്ബർ വിലസ്ഥിരതാ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ടവരുടെ യോഗം വിളിക്കുന്ന നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ രണ്ടാം ഘട്ടം ആരംഭിക്കുന്നതിന്റെ ഭാഗമായി ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു അവലോകന യോഗം ചേരുകയും പ്രസ്തുത യോഗത്തിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ രണ്ടാം ഘട്ടത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് മാർഗ്ഗ നിർദ്ദേശങ്ങൾ 12.10.2016 ലെ 152/2016/ധന നമ്പർ സർക്കാർ ഉത്തരവ് മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം പ്രസ്തുത പദ്ധതിയിൻ കീഴിൽ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത റബ്ബർ കർഷകർക്ക് പുതിയതായി രജിസ്റ്റർ ചെയ്യുവാൻ 2016 ഒക്ടോബർ 15 മുതൽ 2016 നവംബർ 30 വരെ അവസരവും നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ രണ്ടാം ഘട്ടം 2016 ജൂലൈ 1 മുതൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | "കൃത്രിമ റബ്ബർ ഉദ്പാദിപ്പിക്കുന്ന ഏതെങ്കിലും കമ്പനി കർഷകരെ വഞ്ചിക്കുവാനുള്ള നടപടി സ്വീകരിച്ചാൽ കർക്കശ നിലപാട് സ്വീകരിക്കും" എന്ന് 04.10.2016 ൽ മുഖ്യമന്ത്രി നിയമസഭയിൽ നടത്തിയ പ്രസ്താവനയുടെ വെളിച്ചത്തിൽ Royal Marketing & distributors, DCA For Reliance Industrial Ltd, Ist Floor, Sebastian Road, Kalloor, Ernakulam എന്ന സ്ഥാപനം പ്രവർത്തിക്കുന്നത് എങ്ങനെയെന്ന് അന്വേഷിക്കാൻ നടപടി | എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ മുഖാന്തിരം അന്വേഷണം നടത്തിയിട്ടുണ്ട്. പ്രസ്തുത അന്വേഷണത്തിൽ നിന്നും ലഭിച്ച വിവരങ്ങൾ പ്രകാരം ടി സ്ഥാപനം 1992 മുതൽ കോതമംഗലത്തു പ്രവർത്തനം ആരംഭിച്ചതാണ്. സ്ഥാപനം റിലയൻസ് ഇൻഡസ്ട്രീസിന്റെ കമ്മീഷൻ ഏജന്റായി പ്രവർത്തിക്കുന്നു. റിലയൻസ് ഇൻഡസ്ട്രീസിന്റെ ഗോഡൗണിൽ നിന്നും പ്ലാസ്റ്റിക് ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഉപയോഗിയ്ക്കുന്ന അസംസ്കൃത വസ്തുക്കൾ (ഗ്രാന്യൂൾസ് ഓഫ് പോളിമേഴ്സ്) എടുത്തു |

| | | |
|---|---|---|
| | സ്വീകരിക്കുമോ? | ആവശ്യക്കാർക്ക് സപ്ലൈ ചെയ്യുന്ന കമ്മീഷൻ ഏജന്റായി പാർട്ണർഷിപ്പ് വ്യവസ്ഥയിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണ് ഇത്. സ്ഥാപനം കോതമംഗലത്തു നിന്ന് പിന്നീട് കളമശ്ശേരി, ആലുവ എന്നിവടങ്ങളിലേക്ക് മാറിയിരുന്നെങ്കിലും ഇപ്പോൾ നാലു വർഷമായി മെ. റോയൽ മാർക്കറ്റിംഗ് ആന്റ് ഡിസ്ട്രിബ്യൂട്ടേഴ്സ്, കലൂർ എന്ന മേൽവിലാസത്തിലാണ് പ്രവർത്തിക്കുന്നത്. ഇവിടെ ഓഫീസ് പ്രവർത്തനങ്ങൾ മാത്രമാണ് നടക്കുന്നത്. സ്ഥാപനത്തിൽ ഒരു സ്ത്രീ അടക്കം 4 പേർ ജോലി ചെയ്യുന്നുണ്ട്. സ്ഥാപനം നല്ല രീതിയിൽ പ്രവർത്തിക്കുന്നതായി കാണുന്നു. റബ്ബർ ഉത്പന്നങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഒന്നും തന്നെ ഇവിടെ നടക്കുന്നില്ല എന്ന് എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത കമ്പനിയുടെ ബിസിനസ്സ് റബ്ബർ ഉല്പന്നങ്ങളുമായി ബന്ധപ്പെട്ടതാണോയെന്ന് അറിയുവാൻ ആവശ്യമായ അന്വേഷണം നടത്തി വെളിപ്പെടുത്തുമോ? | |
| (ഡി) | പ്രസ്തുത കമ്പനി കഴിഞ്ഞ യു.ഡി.എഫ് മന്ത്രിസഭയിലെ ഏതെങ്കിലും മന്ത്രിയുടെ അടുത്ത ബന്ധുവിന്റെതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷിച്ച് സത്യാവസ്ഥ വെളിപ്പെടുത്തുമോ? | പാർട്ണർഷിപ്പ് വ്യവസ്ഥയിൽ പ്രവർത്തിച്ചു വരുന്ന ടി സ്ഥാപനത്തിൽ 3 പാർട്ണർമാരാണുള്ളത്.<br>1. ശ്രീ. കെ.ജെ. മാത്യു (പാർട്ണർ), കല്ലറയ്ക്കൽ വീട്, മുട്ടം, തൊടുപുഴ.<br>2. ശ്രീ. സേവ്യർ മാത്യു (മാനേജിംഗ് ഡയറക്ടർ), എടയ്ക്കാട്ടുകുഴി, പനങ്ങാട്, എറണാകുളം.<br>3. ശ്രീമതി. നിഷ ജോസ്, നാരോത്ത് വീട്, ആലപ്പുഴ. |

സെക്ഷൻ ഓഫീസർ